**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1030** **29-06-2026-ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ദീപക് ജോയ്

ശ്രീ. എഫ്. രാജ

ശ്രീ. കെ. ബിനിമോൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി:** ഉണ്ട്. വിശദാംശം അനുബന്ധം 1ൽ ചേർത്തിരിക്കുന്നു.

**(ബി)** പൊതു വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** വിശദാംശം അനുബന്ധം 2ൽ ചേ ർത്തിരിക്കുന്നു.

**(സി)** പാഠ്യപദ്ധതിയുടെ നവീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

**മറുപടി:** വിശദാംശം അനുബന്ധം 3ൽ ചേർത്തിരിക്കുന്നു.

**(ഡി)** കുട്ടികളിൽ സാങ്കേതികജ്ഞാനത്തോടൊപ്പം സാമൂഹിക ബോധവും വളർത്തുന്നതിനുതകുന്ന തരത്തിൽ പാഠ്യക്രമം രൂപീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സാമൂഹികബോധം വളർത്താനുള്ള പാഠ്യക്രമം നിലവിലുണ്ട്. അത് വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും. സ്കൂളുകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ലബുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ്സ്, സ്കൗട്ട്സ് & ഗൈഡ്സ്, റെഡ് ക്രോസ് സൊസൈറ്റി, സ്കൂൾ സോഷ്യൽ സർവ്വീസ്, എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയവയിലൂടെയും കല-കായിക പ്രവർത്തനങ്ങളുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ പഠനനിലവാരം ദേശീയതലത്തിൽ നടത്തുന്ന NAS, FLS തുടങ്ങിയ സർവേകളിലൂടെ വിലയിരുത്തപ്പെട്ടുവരുന്നു. NCERT യുടെ നേതൃത്വത്തിൽ 2017, 2021, 2024 വർഷങ്ങളിൽ ദേശീയ പഠന നേട്ട സർവേ (NAS) നടത്തുകയും 2022, 2026 വർഷങ്ങളിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിലെ മൂന്നാം ക്ലാസ്സിലെ തിരഞ്ഞെടുത്ത കുട്ടികൾക്ക് ഫൗണ്ടേഷണൽ ലേണിംഗ് സ്റ്റഡി (FLS) നടത്തുകയും ചെയ്തു. പ്രസിദ്ധീകരിച്ചിട്ടുള്ള സർവേ റിപ്പോർട്ടുകളിലെല്ലാം കേരളം മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. ദേശീയതല സർവേകൾക്ക് പുറമെ, സമഗ്ര ശിക്ഷാ കേരളവും എസ്.സി.ഇ.ആർ.ടിയും ചേർന്ന് സംസ്ഥാനതല പഠന നേട്ട സർവേകളും സംഘടിപ്പിച്ചിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി NCERT നടത്തുന്ന ദേശീയ വിദ്യാഭ്യാസ സർവേകളുടെ റിപ്പോർട്ടുകൾ വിശകലനം ചെയ്ത്, പഠന പിന്തുണ ആവശ്യമായ മേഖലകളിൽ പ്രത്യേക ഇടപെടലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 2024–ൽ പരഖ് (PARAKH) നേതൃത്വത്തിൽ നടത്തിയ ദേശീയ പഠനനേട്ട സർവേയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനം നേടി. 36 സംസ്ഥാനങ്ങളിലായി 74,000 വിദ്യാലയങ്ങളിൽ 21.15 ലക്ഷം കുട്ടികളിലായി നടത്തിയ സർവ്വേയിലാണ് കേരളം രണ്ടാം സ്ഥാനം നേടിയത്.

3, 6, 9 ക്ലാസുകളിൽ ഭാഷ, ഗണിതം, സയൻസ്, സോഷ്യൽസയൻസ് വിഷയങ്ങളിലായി നടത്തിയ പരീക്ഷയിൽ 3-ാ ം ക്ലാസിൽ 3 ാ ം സ്ഥാനവും 6-ാ ം ക്ലാസിൽ ഒന്നാം സ്ഥാനവും 9-ാ ം ക്ലാസിൽ 2-ാ ം സ്ഥാനവും സംസ്ഥാനത്തിന് ലഭിച്ചു. കൂടാതെ വിവിധ ഗവേഷണ പഠനങ്ങളിലൂടെയും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ തുടർച്ചയായി വിലയിരുത്തപ്പെടുന്നു.

## അനുബന്ധം 2

പൊതുവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി വിവിധ നൂതനാശയ പദ്ധതികളും പഠനപരിപാടികളും അടിസ്ഥാന ഭാഷാ ഗണിതശേഷികൾ ഉയർത്തുന്നതിനുള്ള പരിപാടികളും ശാസ്ത്ര വിഷയങ്ങളിലുള്ള സവിശേഷ പരിപാടികളും പാർശ്വവൽകൃത മേഖലകളിലെയും ആദിവാസി-മലയോര- തീരദേശ മേഖലലകളിലെയും കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ, അതിഥി തൊഴിലാളികളുടെ മക്കൾക്കുള്ള പ്രത്യേക പരിപാടികൾ, കുട്ടികളുടെ ആത്മവിശ്വാസം ഉയർത്തുന്നതിനും കലാ - കായിക -പ്രവൃത്തിപരിചയ വിഷയങ്ങളിലുള്ള പരിശീലനപ്രവർത്തനങ്ങൾ നടത്തുന്നതിനും ഭിന്നശേഷി വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസത്തിനും നൈപുണിവികാസ പ്രവർത്തനങ്ങളും 'ആസൂത്രണം ചെയ്ത് വരുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ അടിസ്ഥാന പഠനശേഷികൾ ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ മൂല്യനിർണയ സംവിധാനം ശക്തിപ്പെടുത്തുകയും സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ വികസിപ്പിക്കുകയും ചെയ്യുന്നു. അധ്യാപക പരിശീലന മേഖലയിൽ പ്രൊഫഷണലിസം പ്രോത്സാഹിപ്പിക്കുന്നതിനും ഭരണപരമായ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## അനുബന്ധം 3

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയുടെ അക്കാദമിക അതോറിറ്റിയായ എസ്.സി. ഇ.ആർ.ടി.യുടെ നേതൃത്വത്തിലാണ് കരിക്കുലം പരിഷ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. എസ്.സി.ഇ.ആർ.ടി.യെ മികച്ച പഠനഗവേഷണ സ്ഥാപനമാക്കി വികസിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.. മികച്ച പാഠ്യപദ്ധതി രൂപീകരിക്കുന്നതിനായി ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളായ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന 'ഗിഫ്റ്റഡ് ചിൽഡ്രൺ' പദ്ധതിയുടെ ഗുണഭോക്താക്കളായ നിരവധി പേർ ഇന്ന് വിവിധ മേഖലകളിൽ രാജ്യത്തിനകത്തും വിദേശത്തുമായി പ്രവർത്തിച്ചുവരുന്നു. ഇവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും പാഠ്യപദ്ധതി നവീകരണ പ്രവർത്തനങ്ങളിൽ .പരിഗണിക്കാവുന്നതാണ്